(ഡി) കോട്ടയം കലോൽസവത്തിൽ, ഇതേ അച്ഛൻ അംഗമായിരുന്ന അപ്പീൽ കമ്മിറ്റി, ഇതേ മകൻ വിധികർത്താവായിരുന്ന ഏതെല്ലാം മത്സര ഇനങ്ങളുടെ അപ്പീലുകളാണ് കേട്ടത് ;

(ഇ) മേൽപ്പറഞ്ഞ ജയരാമൻ, ക്ലാസിക്കൽ ഉപകരണ സംഗീതവുമായി യാതൊരു ബന്ധവുമില്ലാത്ത ആളാണെന്നതും അദ്ദേഹം ആകാശവാണി മദ്രാസ് നിലയത്തിൽ ലളിതസംഗീതം മാത്രമാണ് കൈകാര്യം ചെയ്യുന്നതെന്നും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(എഫ്) ജഡ്ജസിനെ നിശ്ചയിച്ചതിൽ ഗുരുതരമായ വീഴ്ച വരുത്തിയത്തണെന്ന കാര്യം അന്വേഷിച്ച് അത്തരക്കാരുടെ മേൽ നടപടി സ്വീകരിക്കുകയും ഇത്തരം അയോഗ്യരായ ആൾക്കാരെ പാനലിൽനിന്നും ഭാവിയിൽ ഒഴിവാക്കാൻ നടപടി സ്വീകരിക്കുകയും ചെയ്യുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഡോ. റ്റി. കെ. മൂർത്തി ഇന്ത്യയിൽ തന്നെ വളരെ പ്രഗൽഭനായ മൃദംഗ വിദ്വാനും ഒരു മഹത് വ്യക്തിത്വത്തിന്റെ ഉടമയുമാണ്. വിദ്യാർത്ഥികളുടെ കലാപരമായ കഴിവുകളിൽ തന്റെ മേഖലയെക്കുറിച്ച് വിലിയിരുത്തുന്നതിൽ സാമാന്യനീതിക്ക് നിരക്കാത്ത കാര്യം ചെയ്യുന്ന ആളല്ലെന്ന ഉത്തമ ബോധ്യത്തോടെയാണ് അദ്ദേഹത്തെ അപ്പീൽ കമ്മിറ്റിയിൽ ഉൾപ്പെടുത്തിയത്. അതുകൊണ്ട് നടപടി റദ്ദാക്കേണ്ട സാഹചര്യം ഇല്ല.

(സി) ശ്രീ. റ്റി. കെ. ജയരാമനെ ശ്രീ. റ്റി. കെ മൂർത്തിയുടെ മകൻ എന്ന പരിഗണനയിലല്ല വിധികർത്താവാക്കിയത്. മറിച്ച് അദ്ദേഹത്തിന് ഈ വിഷയത്തിലുള്ള പ്രാഗത്ഭ്യത്തിന്റെ അടിസ്ഥാനത്തിലാണ് വിധികർത്താവായി നിശ്ചയിച്ചത്. ഇക്കാര്യത്തിൽ അനൗചിത്യമോ അനീതിയോ ഉള്ളതായി കാണുന്നില്ല.

(ഡി) ഓടക്കുഴൽ, വൃന്ദവാദ്യം.

(ഇ) ഇല്ല.

(എഫ്) യോഗ്യതയില്ലാത്ത ജഡ്ജസിനെ നിയമിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

സംസ്ഥാനത്ത് നിലവിലുള്ള പ്രൊഫഷണൽ കോഴ്സുകൾ

79(768) ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നിലവിലുള്ള ചില കോഴ്സുകൾ സംബന്ധിച്ച് 'പ്രൊഫഷണൽ' എന്നു പറയുമ്പോൾ അതിന്റെ നിർവചനമെന്താണെന്ന് വ്യക്തമാക്കുമ്മോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഒരു കോഴ്സ് പ്രൊഫഷണൽ ആണോ അല്ലയോ എന്ന് തീരുമാനിക്കുന്നതിന് ഇപ്പോൾ സംസ്ഥാനത്ത് നിലവിലുള്ള സംവിധാനമെന്ത് ; ഇതിനുള്ള മാനദണ്ഡമെന്ത് ;

(സി) ഇപ്പോൾ സംസ്ഥാനത്ത് നിലവിലുള്ള പ്രൊഫഷണൽ കോഴ്സുകൾ ഏതൊക്കെ എന്ന് വിശദമാക്കുമോ ;

(ഡി) ഏതൊക്കെ ശാഖയിലുള്ള ബിരുദാനന്തര ഡിഗ്രികളെ പ്രൊഫഷണൽ കോഴ്സുകൾക്ക് തുല്യമായി അംഗീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉന്നതനിലവാരത്തിലുള്ളതും പരിശീലനം ആവശ്യമായും തൊഴിലധിഷ്ഠിതവുമായ കോഴ്സുകളെ പ്രൊഫഷണൽ എന്നു പറയാം. കേരള സർവ്വകലാശാല ഫസ്റ്റ് സ്റ്റാറ്റ്യൂട്ട്, 1977 ചാപ്റ്റർ I, ക്ലോസ്സ് (m) പ്രകാരം താഴെപ്പറയുന്ന ഫാക്കൽറ്റികളിൽ ഉൾപ്പെടുന്ന കോഴ്സുകൾ പഠിപ്പിക്കുന്ന കോളേജുകളെ പ്രൊഫഷണൽ കോളേജുകളായി നിർവചിച്ചിരിക്കുന്നു.

1. എഞ്ചിനീയറിംഗ് & ടെക്നോളജി
2. മെഡിസിൻ
3. ആയുർവേദ
4. ഹോമിയോപ്പതി
5. നിയമം
6. എഡ്യൂക്കേഷൻ
7. ഫൈൻ ആർട്സ്

(ബി) വിവിധ തുറകളിലുള്ള കൗൺസിലുകളും പ്രൊഫഷണൽ ചാപ്റ്ററുകളും സംസ്ഥാനത്ത് നിലവിലുണ്ട്. അവരുടെ മാർഗ്ഗനിർദ്ദേശമാണ് ഇതിനുള്ള മാനദണ്ഡം.

(സി) എഞ്ചിനീയറിംഗ് & ടെക്നോളജി, മെഡിസിൻ, ആയുർവേദ, ഹോമിയോപ്പതി, നിയമം, എഡ്യൂക്കേഷൻ, ഫൈൻ ആർട്സ് എന്നീ ഫാക്കൽറ്റികളിൽ ഉൾപ്പെടുന്ന കോഴ്സുകളെ പ്രൊഫഷണൽ കോഴ്സുകളായി കണക്കാക്കാം.

(ഡി) എഞ്ചിനീയറിംഗ് & ടെക്നോളജി, മെഡിസിൻ, ആയുർവേദ, ഹോമിയോപ്പതി, നിയമം, എഡ്യൂക്കേഷൻ, ഫൈൻ ആർട്സ് എന്നീ ഫാക്കൽറ്റികളിൽ ഉൾപ്പെടുന്ന ബിരുദാനന്തര കോഴ്സുകളെ പ്രൊഫഷണൽ കോഴ്സുകളായി കേരള സർവ്വകലാശാല അംഗീകരിച്ചിട്ടുണ്ട്. മറ്റു ബിരുദാനന്തര ബിരുദങ്ങൾ പ്രൊഫഷണൽ കോഴ്സിന് തുല്യമാണോ എന്ന കാര്യം അതത് സർവ്വകലാശാലകളാണ് തീരുമാനിക്കേണ്ടത്.

LIBRARY ARCHIVES Kerala Legislative Assembly